# യുഎസിൽ ഐ.ടി രംഗത്ത് സുരക്ഷാ ഭീഷണി; അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് പ്രസിഡന്റ് ട്രമ്പ്.

വാഷിംഗ്ടൺ: വിവര സാങ്കേതിക രംഗത്ത് യുഎസ് കമ്പ്യൂട്ടർ നെറ്റ് വർക്കുകൾ നേരിടുന്ന സുരക്ഷാഭീഷണിയെ മറികടക്കുന്നതിനായി പ്രസിഡന്റ് ട്രമ്പ് ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. യു.എസ് കമ്പനികൾ വിദേശ ടെലികോം ഉപകരണങ്ങൾ ഉപയോഗിക്കുന്നത് തടഞ്ഞുകൊണ്ട് ട്രമ്പ് എക്സിക്യൂട്ടീവ് ഓർഡറിൽ ഒപ്പു വച്ചു. സുരക്ഷാഭീഷണി

തുടർച്ച 08പേജിൽ ▶▶▶



http://theendtimenews.com/

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് കോൾ

HARVESTING SOULS MISSION

VOL. 02 ISSUE - 17 CHRISTIAN NEWSPAPER PAGES 12 MAY 2019

## കാനഡ പാർലമെന്റിലേയ്ക്ക് സ്ഥാനാർത്ഥിയായി ടോം വർഗീസും



കാനഡ പാർലമെന്റിലേയ്ക്കുള്ള നിർണായകമായ പോരാട്ടത്തിനുള്ള ഒരുക്കത്തിലാണ് പെന്തക്കോസ്ത് വിശ്വാസിയും മലയാളിയുമായ ടോം വർഗീസ്. മിസ്സിസാഗാ- മാൾട്ടൺ റൈഡിങ്ങിൽ എം പി സ്ഥാനത്തേയ്ക്കുള്ള സ്ഥാനാർത്ഥിയായി ടോം വർഗീസ് വിജയിച്ചു.

പാർലമെന്റ് തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ബാക്കി നിൽക്കെ നിലവിൽ മുഖ്യധാരാ രാഷ്ട്രീയ കക്ഷിയായ കൺസർവേറ്റിവ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി ടോം തിരഞ്ഞെടുക്കപ്പെട്ടപ്പോൾ കാനഡയിലെ പെന്തക്കോസ്ത് സമൂ

വാർത്ത..തുടർച്ച..04 പേജ്

## ഐ.പി.സി ഫാമിലി കോൺഫ്രൻസ്: ഒരുക്കങ്ങൾ പുരോഗമിക്കുന്നു.



**ഒർലാന്റോ:** അമേരിക്കയിലെ കൊച്ചു കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിൽ കേരളത്തിന്റെ പ്രകൃതി രമണീയതയും കാലാവസ്ഥയും ഒത്തിണങ്ങിയ ഒർലാന്റോ പട്ടണത്തിൽ നടത്തപ്പെടുന്ന പതിനേഴാമത് നോർത്ത് അമേരിക്കൻ ഐ.പി.സി കുടുംബസംഗമത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

ലോകസഞ്ചാരികളുടെ അവധിക്കാല തലസ്ഥാനമെന്നും സൗന്ദര്യ നഗരമെന്നും ഒക്കെ അറിയപ്പെടുന്ന ഒർലാന്റോ പട്ടണത്തിലെ പ്രധാന ആകർഷണ കേന്ദ്രമായ സീ വേൾഡ് തീം പാർക്കിന് ഏറ്റവും അടുത്തുള്ള ഡബിൾ ട്രീ ഹിൽട്ടൺ ഹോട്ടൽ സമുച്ചയത്തിൽ 2019 ജൂലൈ 25 മുതൽ 28 വരെ നടത്തപ്പെടുന്ന കോൺഫ്രൻസിൽ പാസ്റ്റർമാരായ ബാബു ചെറിയാൻ, സാജൻ ജോയി ബാംഗ്ലൂർ, പാസ്റ്റർ ആരൻ ബുർക്ക് തുടങ്ങിയവർ മുഖ്യ പ്രസംഗകരായി എത്തിച്ചേരും.

സഹോദരി സമ്മേളനത്തിൽ സിസ്റ്റർ സൂസൻ ജോൺ ദുബായ് മുഖ്യ പ്രഭാഷണം നട

വാർത്ത..തുടർച്ച..11 പേജ്

# പി.സി.എൻ.എ.കെ മയാമി കോൺഫ്രൻസ് ജൂലൈ 4 മുതൽ 7 വരെ



**ഫ്ളോറിഡ:** ജൂലൈ 4 മുതൽ 7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ നടക്കുന്ന 37-ാ മത് പി.സി.എൻ.എ.കെ കോൺഫ്രൻസിന് പാസ്റ്റർമാരായ ബാബു ചെറിയാൻ പിറവം, തോമസ് റാന്നി, റവ. ഡോ.ടിം ഹിൽ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

ഐ.പി.സി പിറവം സെന്റർ ശുശ്രൂഷകനായ പാസ്റ്റർ ബാബു ചെറിയാൻ അന്തർദേശീയ സുവിശേഷ പ്രസംഗകനും മലയാളികൾക്കിടയിലെ സുപരിചിതനും ഇക്കാലങ്ങളിൽ ദൈവം ശക്തമായി ഉപയോഗിക്കുന്ന ദൈവഭൃത്യനുമാണ്. ഒട്ടേറെ പുസ്തകങ്ങളും ഗാനങ്ങളും രചിച്ചിട്ടുള്ള പാസ്റ്റർ ബാബു ചെറിയാൻ നല്ലൊരു വേദ അദ്ധ്യാപകനും എഴുത്തുകാരനുമാണ്. മറ്റൊരു പ്രസംഗകനായ പാസ്റ്റർ പ്രിൻസ് തോമസ് റാന്നി ന്യൂ ഇന്ത്യാ ദൈവസഭയിലെ ഒരു ശുശ്രൂഷകനായി പ്രവർത്തിക്കുമ്പോൾ തന്നെ വിവിധ രാജ്യങ്ങളിൽ ദൈവം ഉപയോഗിക്കുന്ന ഏറെ തിരക്കുള്ള സുവിശേഷ പ്രസംഗകനാണ്.

ചർച്ച് ഓഫ് ഗോഡിന്റെ അന്തർദേശീയ ജനറൽ ഓവർസീയറായ ഡോ ടീം ഹിൽ പ്രസംഗിക്കുന്നത് മയാമി കോൺപ്രൻസിന്റെ മറ്റൊരു പ്രത്യേകതയാണ്. തന്നാലാവുന്ന നിലയിൽ സുവിശേഷീകരണത്തിന് പ്രാധാന്യം നൽകി ലോകമെമ്പാടും സത്യ സുവിശേഷത്തിന്റെ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെയും അമേരിക്കയിലെയും മറ്റു പ്രഗത്ഭരായ ദൈവദാസന്മാരും വിവിധ ദിവസങ്ങളിൽ വടനം പ്രസംഗിക്കും.

സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ ആൻസി ജോർജ്ജ് ആലപ്പാട്ട്(ബഹറൈൻ) മുഖ്യസന്ദേശം നൽകും. സംഗീത ശുശ്രൂഷയ്ക്ക് ചെന്നൈയിൽ നിന്നുമുള്ള സഹോദരി ഷാരൻ കിങ്ങ് നേതൃത്വം നൽകും. അമേരുക്കയിലെ വിവിധ സഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ക്വയറും ഇവരോടൊപ്പം സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഇംഗ്ലീഷിലും മലയാളത്തിലും ഈ വിഷയങ്ങളെക്കുറിച്ച് പ്രഗത്ഭരായ പ്രസംഗകർ വചന ശുശ്രൂഷ നടത്തുമെന്ന് ഭാരവാഹികൾ അറി

വാർത്ത..തുടർച്ച..04പേജ്







# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# സ്വപിതൃത്വം അടിച്ചൽപ്പിക്കാൻ നടത്തിയ പരിശ്രമങ്ങൾ.

പടചേർത്തവനെ പ്രസാദിപ്പിപ്പാൻ ഭാര്യാസുഖം പോലും പരിത്യജിച്ച ധീരയോദ്ധാവായിരുന്നു ഊരിയാവ്. ആജ്ഞകളെ ശിരസാൽ വഹിക്കുകയും അത് നിർവ്വഹിക്കുകയും ചെയ്തിരുന്ന വിശ്വസ്ഥനായ ഉത്തമ ഭടൻ യുദ്ധക്കളത്തിൽ നിന്ന് ഊരിയാവിനെ ദാവീദ് രാജാവിനെ അങ്കണത്തിൽ തിരികെ വിളിപ്പിച്ചതിന്റെ പിന്നാലെ കുശാഗ്രബുദ്ധിയും ചതിയും അവന്റെ ചിന്തയിൽ പോലും ഉണ്ടായിരുന്നില്ല. ജാരന്റെ പിതൃത്വം തന്റെ ഭാര്യയിലൂടെ തന്റെ ചുമലിൽ ഏൽപ്പിക്കാമെന്ന കുടില തന്ത്രം.

രാജകൽപ്പന പ്രകാരം തിരികെ എത്തിയ ഊരിയാവ് യുദ്ധക്കളത്തിലെ മാനസികവും ശാരീരികവുമായ പിരിമുറുക്കത്തിന് അയവുവരുത്തുവാൻ ആദ്യം സ്വഭവനത്തിൽ പോയി ഭാര്യയെ കണ്ടതിന് ശേഷം മാത്രമെ തന്നെ മുഖം കാണിപ്പാൻ വരികയുള്ളൂ എന്ന് ഉറച്ച് വിശ്വസിച്ചുകൊണ്ട് കുശാഗ്രബുദ്ധിക്കാരനായ ദാവീദ് കുശലാന്വേഷണം നടത്തി. ഊരിയാവ് സ്വഭവനത്തിൽ അന്തിയുറങ്ങിയിട്ടില്ല എന്ന് മനസ്സിലാക്കി വാത്സല്യത്തോടെ യുദ്ധഭൂമിയിലെ  വിവരങ്ങൾ ആരാഞ്ഞ് സമ്മാനങ്ങൾ നൽകി സ്വഭവനത്തിൽ പോയി അന്തിയുറങ്ങുവാൻ പറഞ്ഞയച്ചു.

അകൃത്യഭാരം തലയിൽ നിന്നൊഴിഞ്ഞു എന്നാശ്വസിച്ച് ദാവീദും പള്ളിയുറക്കത്തിനായി പോയി. എന്നാൽ ഊരിയാവ് വീട്ടിൽ പോകാതെ കൊട്ടാരത്തിലെ ഭൃത്യൻമാർക്കൊപ്പം കൊട്ടാരവാതിൽക്കൽ കിടന്നുറങ്ങി. ഇത് മാനുഷിക തിരഞ്ഞെടുപ്പിനും പ്രകൃതിനിയമങ്ങൾക്കും അസാദ്ധ്യമായതാവാം. യുദ്ധനിയമത്തിലും അനുഷ്ഠാന ക്രമത്തിലും കൃതകൃത്യനായ ഊരിയാവ് താൻ വൃതശുദ്ധിയുള്ളവനെന്ന് രാജാവിൽ നിന്ന് പ്രീതി സമ്പാദിക്കാം എന്ന് കരുതിയിട്ടുമുണ്ടാവാം. യജമാനന്റെ പടിവാതിൽക്കൽ കിടന്നുറങ്ങി. അങ്കം പൊരുതുന്നവർ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു(1കൊരി9:25) ഇതറിഞ്ഞ രാജാവ് തന്റെ പദ്ധതിപാളിയതോർത്ത് പരിശ്രമിച്ചു എങ്കിലും നിരാശനാകാതെ അടുത്തദിവസവും വീട്ടിലേക്ക് അയയ്ക്കുവാൻ ശ്രമിച്ചപ്പോൾ ഊരിയാവ് ദാവീദിനോട് പെട്ടകവും യിസ്രായേലും യഹൂദയും കൂടാരങ്ങളിൽ വസിക്കുന്നു. എന്റെ ജനമായ യോവാബും യജമാനന്റെ ഭൃത്യന്മാരും വെളിമ്പ്രദേശത്ത് പാളയമിറങ്ങി കിടക്കുന്നു. അങ്ങനെ ഇരിക്കെ ഞാൻ ഭക്ഷിപ്പാനും കുടിപ്പാനും എന്റെ ഭാര്യയോടു കൂടെ ശയിപ്പാനും എന്റെ വീട്ടിൽ കടക്കുമോ? നിന്നാണെ നിന്റെ ജീവനാണെ അത് ചെയ്കയില്ല(2ശമുവേൽ11) ഈ മറുപടിയിൽ ദാവീദിന് മനസ് പതറിയെങ്കിലും വീണ്ടുമൊരു ശ്രമം കൂടി നടത്തുവാൻ മനസ്സിലുറപ്പിച്ച് തീൻമേശയൊരുക്കി മദ്യത്തിന്റെ മത്തുപിടിപ്പിച്ച് ശയനമോഹത്താൽ സ്വഭവനത്തിലേക്ക് പോകും എന്ന് കരുതിയെങ്കിലും ഊരിയാവ് ഭാര്യയോടൊപ്പം ശയിക്കാൻ പോകാതെ അന്നും ഭൃത്യന്മാരോടൊപ്പം വിരിപ്പിൽ കിടന്നുറങ്ങി. സ്വാഭിമാനത്തിനായ് ഏത്  ഹീനപ്രവർത്തിക്കും തയ്യാറായ ദാവീദിന്റെ കത്തുമായി പടക്കളത്തിലേക്ക് മടക്കി അയക്കുമ്പോൾ തന്റെ ആയുസ് മുടിപ്പാനുള്ള കുറുപ്പടിയാണ് തന്റെ കൈകളിലുള്ളതെന്ന് അറിഞ്ഞിരുന്നില്ല. അങ്ങനെ  ചതിവിൽ യുദ്ധമുഖത്തിലേക്ക് തള്ളി ഊരിയാവിനെ ഒടുക്കി.



ക്രിസ്തീയ പോർക്കളത്തിൽ സകലത്തിലും വർജ്ജനം ആചരിച്ച് ആത്മാക്കളുടെ കൊയ്ത്തിനായ് പോർക്കളത്തിലായിരിക്കുന്ന ഊരിയാവിനെപ്പോലുള്ളവരെ നശിപ്പിപ്പാനായി പുറപ്പെടുമ്പോൾ പിന്നിൽ ദൈവത്തിന്റെ ശാപം ദാവീദിനെ പിൻതുടരുന്നത് ഓർത്തുകൊൾക.

*ബൈജു യാക്കോബ്*
*ഇടവിള*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.



ടെന്നിസൺ മാത്യു

# ബൈബിൾ നാം പാരായണം ചെയ്യണം എന്തുകൊണ്ട്?

**ദൈ**വം ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തിയിരിക്കുകയാണ്(ലൂക്കോസ്16:31) ദൈവത്തെക്കുറിച്ച് നാം അറിയേണ്ടതിന്റെ മാർഗദർശകമാണിത്. അതിനാൽ നമുക്ക് ബൈബിൾ പാരായണം ചെയ്യേണ്ടതിന്റെ അനിവാര്യതയിലേക്ക് പ്രവേശിക്കാം.

1.ബൈബിൾ സമ്പൂർണ്ണമായി വായനക്കാരനെ രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമാണ്.

യഹോവയുടെ ന്യായപ്രമാണം തികവുള്ളത് അത് പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു. അത് അൽപ്പബുദ്ധിയെ ജ്ഞാനിയാക്കുന്നു. യഹോവയുടെ ആജ്ഞകൾ നേരുള്ളവ അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. യഹോവയുടെ കൽപ്പന നിർമ്മലമായത്: അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു. യഹോവഭക്തി ശുദ്ധമായത് അത് എന്നെന്നേക്കും നിലനിൽക്കുന്നു. യഹോവയുടെ വിധികൾ സത്യമായവ; അവ തികച്ചും നീതിയുക്തം.(സങ്കീ19:7-9)

യുക്തിവാദികളെ ചിന്താക്കുഴപ്പത്തിലാക്കുന്നുണ്ട്, ദൈവവചനം കാരണം ബൈബിളിന്റെ പ്രകൃത്യാതീതവും അത്ഭുതാവഹവുമായ ഗുണവിശേഷം അവർ അംഗീകരിക്കുന്നില്ല. അങ്ങനെയായാൽ ബൈബിൾ അവകാശപ്പെടുന്ന സത്യങ്ങൾ അവർ അംഗീകരിക്കേണ്ടി വരും. എന്നാൽ, ബൈബിളിന്റെ വിശ്വാസീയതയ്ക്ക് നിരവധി തെളിവുകൾ ഉണ്ട്. ആകാശവും ഭൂമിയും കടന്നുപോകുന്നവരെ, എല്ലാം നിറവേറുവോളം, ന്യായപ്രമാണത്തിന് വള്ളിപുള്ളി മാറ്റം വരികയില്ലെന്ന് യേശു കർത്താവ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം ബൈബിൾ രചിതാക്കളുടെ എഴുത്തുകൾ ദൈവനിശ്വാസനീയമാണെന്നാണല്ലോ. മാനുഷിക പ്രലോഭനത്തിൽ നിന്നല്ല. പ്രത്യുത, ദൈവാത്മാവിനാൽ പ്രചോദിതരായ നമുഷ്യർ ദൈവാത്മാവിൽ നിന്നു സംസാരിച്ചതാണ് പ്രവചനമെന്ന് അപ്പോസ്തലനായ പത്രോസ് പ്രസ്താവിച്ചിരിക്കുന്നതായും നാം വായിക്കുന്നു.(മത്തായി5:18, 2പത്രോസ്1:20,21)

2.ബൈബിൾ വായനക്കാരിൽ വിശ്വാസം ഉളവാക്കുന്നു.

കേൾവിയിൽ നിന്നാണ് വിശ്വാസം ഉളവാക്കുന്നതെന്ന് ബൈബിൾ പറയുന്നു(റോമർ10:17) അതിനാൽ കേവലം ബുദ്ധിപരമായ സമ്മതമെന്നല്ല, പിന്നെയോ, ഹൃദയത്തിൽ ജീവൻ  ഉളവാക്കുന്ന വിശ്വാസമാണ് ബൈബിൾ പാരായണത്തിലൂടെ ഒരുവന് ലഭിക്കുന്ന അനുഗ്രഹം. ദൈവം അരുളിചെയ്ത വചനങ്ങളാണല്ലോ ബൈബിൾ അതു വായിക്കുന്നവർ ആദ്യം തിരിച്ചറിയേണ്ടത് ഈ യാഥാർത്ഥ്യമാണ്. ദൈവാത്മാവിന്റെ സഹായം കൂടാതെ കേവലം ഇതരഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്ന ലാഘവത്തോടെ ബൈബിൾ പഠിക്കുന്നവർക്ക് അതിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന സത്യങ്ങൾ വാസ്തവമായി അനുഭവപ്പെടണമെന്നില്ല. അതേസമയം, അന്വേഷണാത്മക ചിന്തയോടെ അതു വായിക്കുമ്പോൾ ദൈവാത്മാവിന്റെ സഹായം ലഭിക്കും. അതോടെ അവന് അത് ഉൾക്കൊള്ളാനും സാധിക്കും.

3. രക്ഷ കണ്ടെത്താൻ ബൈബിൾ പാരായണം സഹായിക്കുന്നു.

തിരുവെഴുത്തുകൾ എല്ലാം തന്നെ ദൈവശ്വാസീയമാണല്ലോ(1തിമോ3:16) മനുഷ്യന്റെ പാപം, പാപത്തിന്റെ ശിക്ഷ, പാപത്തിൽ നിന്നുള്ള മോചനം ഇത്യാദി വിഷയങ്ങൾ ആധികാരികയായി വിശദീകരിക്കുന്ന മറ്റൊരു ഗ്രന്ഥമില്ല. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു.(റോമർ 3:23) മനുഷ്യൻ ഒരിക്കൽ മരിക്കണം പിന്നെ ന്യായവിധി നടക്കണം.(എബ്രായർ 9:27) ദൈവത്തിന്റെ കൃപയാൽ ക്രിസ്തുയേശുവിലുള്ള കൃപയിലൂടെ നാം വീണ്ടെടുക്കപ്പെടുന്നു(റോമർ 3:24) എന്നിങ്ങനെ മനുഷ്യന്റെ പാപം അതിന്റെ ശിക്ഷ, ശിക്ഷയിൽ നിന്നുള്ള മോചനം തുടങ്ങി നാം ആവശ്യം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ട അടിസ്ഥാനസത്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത് ബൈബിൾ മാത്രമാണ്.

4. ദൈവം സംസാരിക്കുന്നത് ബൈബിളിലൂടെയാണ്.

ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ  മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. (എബ്രായർ 1:1)

ദൈവം മനുഷ്യരോട് സംസാരിക്കുന്നു എന്നാണ് മേലുദ്ധരിച്ച വാക്യത്തിന്റെ അർത്ഥം. പ്രവാചകന്മാർ മുഖേന പൂർവ്വകാലത്ത് ദൈവം സംസാരിച്ചുകൊണ്ടിരുന്നു.

തുടർച്ച 04പേജിൽ

വാർത്ത.. 01പേജ് തുടർച്ച

ഹവും മലയാളി സമൂഹവും വളരെ പ്രതീക്ഷയിലാണ്.
ഒക്ടോബർ 21 നാണ് പൊതു തിരഞ്ഞെടുപ്പ്. 68% വെള്ളക്കാരായ പൗരന്മാരും 32% മറ്റു രാജ്യങ്ങളിൽ നിന്നും കുടിയേറി പാർത്ത പൗരന്മാരുമാണ് വോട്ടെടുപ്പിൽ പങ്കെടുക്കുന്നത്.
പത്തനംതിട്ടയിലെ റാന്നിയിൽ ട്രാവൽ ഏജൻസിയിൽ ജോലി ചെയ്തുകൊണ്ടിരിക്കെയാണ് മൂന്നര പതിറ്റാണ്ടു മുമ്പ് ടോം വർഗീസ് കാനഡയിലെത്തിയത്. ടൊറന്റോ രാജ്യാന്തര വിമാനത്താവളം കൺട്രോൾ ടവറിൽ ഏപ്രൺ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതിനിടയിൽ ബിസിനസിലേയ്ക്ക് കടക്കുകയായിരുന്നു. ഇപ്പോൾ സ്വന്തമായി ഇമ്പോർട്ടിങ്ങ് കമ്പനി നടത്തുന്നു.
മികച്ച സംഘാടകനായ ടോം പൊതുരംഗത്ത് സജീവമാകുകയും മിസ്സിസാഗാ മേഖലയിലെ മലയാലി സംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കയും, മിസ്സിസാഗാ- മാൾട്ടൺ റോട്ടറി ക്ലബ്ബ് സെക്രട്ടറി, കേരള ക്രിസ്ത്യൻ അസംബ്ലി അഡ്മിനിസ്ട്രേറ്റർ എന്നി പദവികൾ വഹിക്കയും, പിസിഎൻഎകെ തുടങ്ങിയ ആത്മീയ കോൺഫ്രൻസുകൾക്ക് നേതൃത്വം നൽകയും ചെയ്തിട്ടുണ്ട്.
റാന്നി കപ്പമാമൂട്ടിൽ കെ ടി വർഗീസിന്റെയും ചിന്നമ്മയുടെയും മകനാണ് ടോം. ഭാര്യ : ജിജി. മക്കൾ : ഡാനി, ജോന്നാഥൻ. മരുമകൾ : മോന അന്ന ഡാനി.

03-ാം പേജ് തുടർച്ച

ഇപ്പോൾ ആകട്ടെ, ദൈവം തന്റെ പുത്രനിലൂടെയാണ് സംസാരിക്കുന്നത്. അതായത് ദൈവം മനുഷ്യരോട് അന്നും ഇന്നും എന്നും സംസാരിക്കുന്നു. ഇതാണ് ബൈബിളിന്റെ പ്രത്യേകത.
5.എക്കാലത്തും മനുഷ്യൻ അറിയേണ്ടതും പ്രാപിക്കേണ്ടതുമായ സത്യങ്ങളുടെ വെളിപാടാണ് ബൈബിൾ.
രക്ഷ കണ്ടെത്താൻ സഹായിക്കുന്നതു കൂടാതെ, രക്ഷ പ്രാപിച്ച ഒരുവന്റെ ജീവിതത്തിൽ എക്കാലത്തും യാഥാർത്ഥ്യമായിത്തീരേണ്ട അനുഭവങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത് ബൈബിൾ മാത്രമാണ്. സ്വർഗ്ഗം! എല്ലാ വിശ്വാസികളും കാത്തിരിക്കുന്നത് നിരന്തരമായ ദൈവീക സാന്നിദ്ധ്യമാണ് ദൈവം വ്യക്തി പരമായി സമ്പർക്കം പ്രദാനം ചെയ്യുന്ന കേന്ദ്രം. അത് ദൈവം നിറഞ്ഞു നിൽക്കുന്ന സ്വർഗത്തിലാണ് സാക്ഷാത്കരിക്കപ്പെടുക. ദൈവം കൂടാരമടിച്ച് താമസിക്കുന്നത് സ്വർഗത്തിലാണ്. അവിടേക്ക് വിശ്വാസിയെ ആനയിക്കാനാണ് കർത്താവ് വീണ്ടും വരുന്നത്. അതിനെത്തുടർന്ന് മരണമോ ന്യായവിധിയോ ഇല്ലാത്ത നിത്യാനന്ദം അനുഭവിക്കാൻ സാധിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുമെന്ന് ബൈബിൾ വ്യക്തമാക്കുന്നു.(വെളിപ്പാട് 21,22 അദ്ധ്യായങ്ങൾ) ബൈബിൾ സത്യങ്ങൾ അംഗീകരിക്കുന്നവർക്കും, കർത്താവിനെ രക്ഷകനായി സ്വീകരിച്ചവർക്കും ലഭിക്കുന്ന ഈ അനുഗ്രഹങ്ങൾ മറ്റൊരു ഗ്രന്ഥത്തിൽ നിന്നും പ്രാപിക്കാനാവില്ല. അതിനാൽ ബൈബിൾ പാരായണം ചെയ്യേണ്ടത് അത്യാവശ്യമാണ്.

# ബൈബിൾ പാഠ്യവിഷയമാക്കാനുള്ള ബില്ലിന് മിസൗറിയിൽ അംഗീകാരം




അമേരിക്കയിലെ മിസൗറി സംസ്ഥാനത്ത് പബ്ലിക് സ്കൂളുകളിൽ ബൈബിൾ പഠനം ഐച്ഛിക വിഷയമായി തിരഞ്ഞെടുത്ത് പഠിക്കുന്നതിന് അനുവാദം നൽകുന്ന ബില്ലിന് അംഗീകാരമായി. റിപ്പബ്ലിക്കൻ പ്രതിനിധി ബെൻ ബേക്കർ അവതരിപ്പിച്ച ബില്ലിൽ മാർച്ച് 25 ന് നടന്ന വോട്ടെടുപ്പിൽ 95 പേർ അനുകൂലിച്ചപ്പോൾ 52 പേർ എതിർത്ത് വോട്ടു ചെയ്തു. ബൈബിൾ പഠനത്തെ പബ്ലിക് സ്കൂളുകളിൽ പ്രോത്സാഹിപ്പിക്കയാണ് ലക്ഷ്യമെന്നും അർത്ഥപൂർണമായ ബൈബിൾ പഠനം നടത്തുന്നതിന് ഈ ബിൽ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ബൈബിൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ പറയുന്നുണ്ട്. റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷമുള്ള സെനററിൽ ബിൽ പാസായാൽ ഗവർണ്ണർ മൈക്ക് പാർസൺ ഒപ്പിട്ട് നിയമമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സ്കൂളുകളിൽ റഫറൻസ് ഗ്രന്ഥമായി ബൈബിൾ ഉപയോഗിക്കുന്നതിനുള്ള നിയമം മിസൗറിയിൽ നിലവിലുണ്ട്.

വാർത്ത.. 01പേജ് തുടർച്ച

ത്തും. ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ പിറവം സെന്റർ ശുശ്രൂഷകനായ പാസ്റ്റർ ബാബു ചെറിയാൻ അന്തർദേശീയ സുവിശേഷ പ്രസംഗകനും ദൈവം ശക്തമായി ഉപയോഗിക്കുന്ന ദൈവഭൃത്യനുമാണ്. ഒട്ടേറെ പുസ്തകങ്ങളും ഗാനങ്ങളും രചിച്ചിട്ടുള്ള പാസ്റ്റർ ബാബു ചെറിയാൻ നല്ലൊരു വേദ അദ്ധ്യാപകനും എഴുത്തുകാരനുമാണ്. മറ്റൊരു പ്രസംഗകനായ പാസ്റ്റർ സാജൻ ജോയി ബാംഗ്ലൂർദൈവസഭയിലെ ഒരു ശുശ്രൂഷകനായി പ്രവർത്തിക്കുമ്പോൾ തന്നെ ഇക്കാലങ്ങളിൽ വിവിധ ഇടങ്ങളിൽ ദൈവം ഉപയോഗിക്കുന്ന സുവിശേഷ പ്രസംഗകനാണ്. ദൈവ മഹത്വത്തിനായി ലോകമെമ്പാടും പാസ്റ്റർ സാജൻ ജോയി ബാംഗ്ലൂർ ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവരെ കൂടാതെ കേരളത്തിലെയും അമേരിക്കയിലെയും മറ്റു പ്രഗത്ഭരായ ദൈവദാസന്മാരും വിവിധ ദിവസങ്ങളിൽ വചനം പ്രസംഗിക്കും.
ഇത് മടങ്ങി വരവിന്റെയും പുതുക്കത്തിന്റെയും സമയം എന്നതാണ് കോൺഫ്രൻസ് ചിന്താവിഷയം. നാഷണൽ ലോക്കൽ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഗായക സംഘത്തിന്റെ ആത്മീയ ശുശ്രൂഷകളിൽ ഡോ.ബ്ലസൻ മേമന മുഖ്യ ഗായകനായി പങ്കെടുക്കും. മൂന്നു മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് വേണ്ടി ചിൽഡ്രൻസ് മിനിസ്ട്രിയും യുവജനങ്ങൾക്ക് വേണ്ടിയും, സഹോദരിമാർക്ക് വേണ്ടിയും പ്രത്യേക മീറ്റിംഗുകളും സ്പോർട്സും ഉണ്ടായിരിക്കും. കോൺഫ്രൻസ് രജിസ്ട്രേഷൻ അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു. ആയിരത്തിലധികം വിശ്വാസികൾ പങ്കെടുക്കുന്ന കുടുംബസംഗമത്തിൽ വിവിധ പ്രായക്കാർക്കായി മലയാളത്തിലും ഇംഗ്ലീഷിലുമായി നിരവധി സെക്ഷനുകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആത്മീയ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും കൂട്ടായ്മ നിലനിർത്തുന്നതിനുമായി പ്രത്യേക സെക്ഷനുകളും ക്രമീകരിച്ചിട്ടുണ്ട്. മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണവും അതിമനോഹരമായ നിലയിലുള്ള താമസ സൗകര്യവും ക്രമീകരണത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.കോൺഫ്രൻസിൽ പങ്കെടുക്കുന്നവർക്ക് വാട്ടർ തീം പാർക്കുകളിലും ക്രൂസ്ഷിപ്പ് യാത്രയ്ക്കുമായി പ്രത്യേക നിരക്കുകളിലുള്ള ടിക്കറ്റുകൾ ലഭ്യമാണ്. 17-ാമത് ഐ.പി.സി കുടുംബസംഗമം വൻ വിജയമാക്കുവാനുള്ള തയ്യാറെടുപ്പുകളാണ് നാഷണൽ ലോക്കൽ കമ്മറ്റികൾ ദ്രുതഗതിയിൽ ചെയ്തു വരുന്നത്.
കാലാകാലങ്ങളിൽ കോൺഫ്രൻസിന് നേതൃത്വം നൽകുവാൻ ശക്തന്മാരായ ദൈവഭൃത്യന്മാരെയാണ് ലഭിക്കുന്നത്. ദൈവസ്നേഹത്തിന്റെയും സത്യസുവിശേഷത്തിന്റെയും മകുടോദാഹരണമായി ദൈവജനത്തിന്റെ ഐക്യതയും സാഹോദര്യവും വിളിച്ചോതിക്കൊണ്ട് കഴിഞ്ഞ ഒന്നര പതിറ്റാണ്ടിലധികമായി നടന്നു വരുന്ന കോൺഫ്രൻസിന് ദേശീയ ഭാരവാഹികളായ പാസ്റ്റർ ആന്റണി റോക്കി(ചെയർമാൻ), ബ്രദർ സി.എം.ഏബ്രഹാം(സെക്രട്ടറി), ബ്രദർ ജോൺസൺ ഏബ്രഹാം(ട്രഷറർ), ഫിൻലി വർഗീസ്(യൂത്ത് കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകും.




THE ENDTIME NEWS



# വാർത്തകൾ

## കെ റ്റി എം സി സി ടാലെന്റ് ടെസ്റ്റ് 2019 സെപ്. 1 ന്

കുവൈറ്റിലെ പ്രഥമ ക്രീസ്തീയ കൂട്ടായ്മയായ കെ റ്റി എം സി സി ഒരുക്കുന്ന ടാലന്റ് ടെസ്റ്റ് 2019 സെപ്റ്റംബർ 1 ന് രാവിലെ 8 മുതൽ 1 മണി വരെ കെ റ്റി എം സി സി യിലെ വിവിധ വേദികളിൽ വെച്ച് നടത്തപ്പെടുന്നു. ഉച്ചകഴിഞ്ഞ് 1 മണി മുതൽ പൊതു സമ്മേളനവും സമ്മാനദാനവും ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് : 00965 50901002, 99893093. ഇ- മെയിൽ വിലാസം : secretary@ktmcc.com വെബ്സൈറ്റ് :www.ktmcc.com

## മുളക്കുഴ യു പി എഫ് ഭാരവാഹികൾ

മുളക്കുഴയിലും ചുറ്റുപാടുകളിലുമുള്ള 20 ൽ പരം വേർപെട്ട സഭകൾ ചേർന്ന് യു പി എഫ് രൂപീകരിച്ചു. ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ സാമുവൽ ഫിലിപ്പ്, വൈസ് പ്രസിഡന്റുമാരായി പി വി എബ്രഹാം, രാജൻ വർഗീസ്, സെക്രട്ടറി എബ്രഹാം ഫിലിപ്പോസ്, ജോയിന്റ് സെക്രട്ടറിമാരായി പാസ്റ്റർ ഉമേഷ്, പാസ്റ്റർ തോമസ് വർഗീസ്, ട്രഷററായി തോമസ് വർഗീസ് , പ്രോഗ്രാം കോർഡിനേറ്ററായി പാസ്റ്റർ ജേക്കബ് ഉമ്മൻ, വി ബി എസ് കോർഡിനേറ്റർ പാസ്റ്റർ ജേക്കബ് എബ്രഹാം എന്നിവരെ തിരഞ്ഞെടുത്തു.

പാസ്റ്റർമാരായ സനീഷ്, അലക്സാണ്ടർ ജോർജ്ജ്, ജോൺ ബനിയൻ, എം സി ജോയി, രാജേഷ്, മെക്കലിസ്റ്റർ, തമ്പി ടി ജോയി, എ ജി ചാക്കോ, സുനിൽ ബാബു, ജോയി ജോർജ്ജ്, കോശി തോമസ്, എന്നിവർ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

## ആൻഡമാൻ സംഗമം

മയാമിയിൽ ജൂലായിൽ നടക്കുന്ന PCNAK സമ്മേളനത്തിൽ ആൻഡമാൻ & നിക്കോബാർ ദ്വീപ് സമൂഹങ്ങളിൽ ജനിച്ചവരും ദീർഘനാളുകൾ അവിടെ ജോലിയോടുള്ള ബന്ധത്തിലായിരുന്നിട്ടുള്ളവർ അമേരിക്കൻ മണ്ണിൽ കുടിയേറി പാർത്തിട്ടുള്ളവർക്കും ഒന്നിച്ചു കൂടുവാനും സ്നേഹവും ഓർമ്മകളും പുതുക്കുവാൻ ഉള്ള അവസരം പാസ്റ്റർ ജേക്കബ് വർഗീസും സംഘവും ജൂലായ് 6 ശനിയാഴ്ച കോൺഫ്രൻസ് നടക്കുന്ന ഹോട്ടലിൽ ഒരുമിച്ച് കൂടുവാനുള്ള കാര്യങ്ങൾ ക്രമീകരിക്കുന്നു, വിശദ വിവരങ്ങൾക്ക് : Pastor Jacob Varghese, 405 408 6361, Samuel Varghese 214 218 0460, Elizabeth Varghese 804 937 0183 ഈ നമ്പറുകളിൽ ബന്ധപ്പെടുക.

## പാസ്റ്റർ അജി ആന്റണിക്കു നേരേ സുവിശേഷ വിരോധിയുടെ ആക്രമണം.



സുപ്രസിദ്ധ കൺവൻഷൻ പ്രാസംഗീകനായ പാസ്റ്റർ അജി ആന്റണിക്കു നേരെ വെള്ളാംപാറ താഴെവളയിടം എന്ന സ്ഥലത്ത് പ്രസംഗിച്ചു കൊണ്ടു നിൽക്കുമ്പോഴാണ് അക്രമണം ഉണ്ടായത്. യാതൊരു പ്രകോപനവും കൂടാതെ വലിയ കമ്പുമായി ഒരാൾ സ്റ്റേജിലേയ്ക്ക് കയറുകയും പാസ്റ്ററെ ആഞ്ഞടിക്കയുമാണുണ്ടായത്.കൂടെ ഉണ്ടായിരുന്ന ദൈവദാസൻ തടഞ്ഞതിനാൽ കൂടുതൽ അപകടം ഒഴിവായി.എന്നാൽ വടിയുടെ ഒരുഭാഗം പാസ്റ്ററുടെ കഴുത്തിൽ പതിച്ചതിനാൽ അസഹനീയമായ വേദന അനുഭവപ്പെടുകയുണ്ടായി. പ്രിയ കർതൃദാസനുവേണ്ടി പ്രാർത്ഥിക്കുക.



## ടുസോൺ അരിസോണയിൽ ആദ്യത്തെ എ ജി ചർച്ച് ആരംഭിച്ചു



ഫീനിക്സ് മെട്രോ സിറ്റിയായ അരിസോണയിൽ ആദ്യത്തെ ഇന്ത്യൻ ചർച്ചായ ഇന്റർനാഷണൽ അസംബ്ലി ഓഫ് ഗോഡ് അരിസോണ സംസ്ഥാനത്തെ രണ്ടാമത്തെ വലിയ പട്ടണമായ ടൂസോണയിൽ പുതിയ ആരാധന ആരംഭിച്ചു. ഈ പട്ടണത്തിലെ ആദ്യ ഇന്ത്യൻ പെന്തക്കോസ്തൽ സഭയാണിത്. സീനിയർ പാസ്റ്റർ റവ. റോയി ചെറിയാൻ പ്രാർത്ഥിച്ചു ആരാധനയ്ക്ക് തുടക്കം കുറിച്ചു. പാസ്റ്റർ ലൂക്കോസ് ആരാധനയ്ക്ക് നേതൃത്വം നൽകി.

എല്ലാ ഞായറാഴ്ചകളിലും രാവിലെ 10 മണിക്ക് സൺഡേസ്കൂളും 11 മണിക്ക് ആരാധനയും നടന്നു വരുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 7 ന് പ്രാർത്ഥനാ യോഗവും നടന്നുവരുന്നു. 3270 E Armtstong Ln, Tucson,AZ85739 എന്ന അഡ്രസിലാണ് ചർച്ച് സ്ഥിതി ചെയ്യുന്നത്. Visit : www.indiachurchaz.org

THE ENDTIME NEWS

Available on the iPhone App Store

ANDROID APP ON Google play




http://theendtimenews.com/

## വാമൊഴി




പാസ്റ്റർ പി.വി.എസ്, സിബിഡി.

▶ ഒരേ കല്ലിൽ തട്ടി രണ്ടുവട്ടം
പാളുന്നത് ലജ്ജാകരമാണ്.

▶ എന്നേക്കും ജീവിച്ചിരിക്കും എന്ന മട്ടിൽ പഠിക്കുക
നാളെ മരിച്ചുപോകും എന്ന മട്ടിൽ ജീവിക്കുക.

▶ നീ സ്വയം സത്യസന്ധനാകുക ലോകത്തിൽ ഒരു കള്ളൻ
കുറഞ്ഞു എന്ന് നിങ്ങൾക്കുറപ്പിക്കാം.

▶ പണക്കാരായി മരിക്കാൻ
പലരും ദാരിദ്ര്യത്തിൽ കഴിയുന്നു.

▶ ആരോപണമുണ്ടാകുന്നതുവരെ ഒരിക്കലും
മാപ്പ് ചോദിക്കരുത്.

▶ ജീവിതത്തിലെ തൊണ്ണൂറു ശതമാനം ഉരസലുകളും
ഉണ്ടാകുന്നത് നിങ്ങൾ സംസാരിക്കുന്ന ശബ്ദത്തിന്റെ രീതി കാരണമാണ്.

▶ മുഖത്തു നോക്കിയുള്ള പുകഴ്ത്തൽ
അസഹ്യമായ അവഹേളനമാണ്.

▶ ഒരു സ്ത്രീയുടെ ഏറ്റവും മിന്നുന്ന
ആഭരണം നിശബ്ദതയാണ്.

▶ ഏറ്റവും കൂടുതൽ കരയുന്ന കഴുത
ഏറ്റവും കുറച്ചു തിന്നുന്നു.

▶ മെഴുകിനെ ഉരുക്കുന്ന ചൂടു തന്നെയാണ്
കളിമണ്ണിനെ ഉറപ്പിക്കുന്നതും.

# ബൈബിൾ പാഠ്യവിഷയമാക്കാനുള്ള ബില്ലിന് മിസൗറിയിൽ അംഗീകാരം



അമേരിക്കയിലെ മിസൗറി സംസ്ഥാനത്ത് പബ്ലിക് സ്കൂളുകളിൽ ബൈബിൾ പഠനം ഐച്ഛീക വിഷയമായി തിരഞ്ഞെടുത്ത് പഠിക്കുന്നതിന് അനുവാദം നൽകുന്ന ബില്ലിന് അംഗീകാരമായി. റിപ്പബ്ലിക്കൻ പ്രതിനിധി ബെൻ ബേക്കർ അവതരിപ്പിച്ച ബില്ലിൽ മാർച്ച് 25 ന് നടന്ന വോട്ടെടുപ്പിൽ 95 പേർ അനുകൂലിച്ചപ്പോൾ 52 പേർ എതിർത്ത് വോട്ടു ചെയ്തു. ബൈബിൾ പഠനത്തെ പബ്ലിക് സ്കൂളുകളിൽ പ്രോത്സാഹിപ്പിക്കയാണ് ലക്ഷ്യമെന്നും അർത്ഥപൂർണമായ ബൈബിൾ പഠനം നടത്തുന്നതിന് ഈ ബിൽ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ബൈബിൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ പറയുന്നുണ്ട്. റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷമുള്ള സെനറിൽ ബിൽ പാസായാൽ ഗവർണ്ണർ മൈക്ക് പാർസൺ ഒപ്പിട്ട് നിയമമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സ്കൂളുകളിൽ റഫറൻസ് ഗ്രന്ഥമായി ബൈബിൾ ഉപയോഗിക്കുന്നതിനുള്ള നിയമം മിസൗറിയിൽ നിലവിലുണ്ട്.

# സുവിശേഷകർ സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ട് 2 പേർ മരിച്ചു

തിരുവല്ല പായിപ്പാട് ന്യൂ ഇന്ത്യ ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ പ്രവർത്തകർ സഞ്ചരിച്ചിരുന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്. 2 പേർ സംഭവസ്ഥലത്തുവെച്ച് മരിച്ചു. കൂടെയുണ്ടായിരുന്ന 12 പേരെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അതിൽ 3 പേരുടെ നില ഗുരുതരമാണ്.ഏപ്രിൽ 28 ന് രാത്രി 9.30 ന് തിരുനെൽവേലിക്കു സമീപം നാഷണൽ ഹൈവേയിൽ വെച്ച് വാനിന്റെ ടയർ പെട്ടിത്തറിക്കയും നിയന്ത്രണം തെറ്റി കീഴ്മേൽ മറിയുകയുമായിരുന്നു.



## ഉന്നത വിദ്യാഭ്യാസത്തിനൊപ്പം ആത്മീക പരിശീലനവുമായി കോയമ്പത്തൂർ ബയോസിസ് അക്കാഡമി

പ്ലസ് റ്റു വിനു ശേഷം പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നതിനോടൊപ്പം ആത്മീക പരിശീലനം ആഗ്രഹിക്കുന്നവർക്ക് ബയോസിസ് അക്കാഡമി അവസരം ഒരുക്കുന്നു. കോയമ്പത്തൂരുള്ള കോളേജുകളിൽ പഠിച്ചു കൊണ്ട് ആത്മീക അന്തരീക്ഷത്തിൽ വളരുവാനും ദൈവവചനം പഠിക്കുവാനുമുള്ള ക്രമീകരണമാണ് ഇവിടെയുള്ളത്.
കോയമ്പത്തൂരിൽ ഉന്നതപഠനത്തിനായി എത്തുന്ന വിദ്യാർത്ഥികളെ സംരക്ഷിക്കുവാനും ആത്മീക പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനും കഴിഞ്ഞ അഞ്ചു വർഷങ്ങളായി ബയോസിസ് റ്റാമിൽഡ് ഹൗസ് എന്ന ശുശ്രൂഷയെ ദൈവം ഉപയോഗിക്കുന്നു. ദൈവവചനത്തിൽ അടിസ്ഥാനമിട്ട് യുവഹൃദയങ്ങളെ യേശുക്രിസ്തുവിനായി രൂപാന്തരപ്പെടുത്തുകയും ക്രിസ്തീയ ശിഷ്യത്വത്തിലേയ്ക്ക് ഉയർത്തുകയും അവരെ കർത്താവിന്റെ വേലയ്ക്കായി സജ്ജമാക്കുകയും ചെയ്യുക എന്നതാണ് ഈ ശുശ്രൂഷയുടെ ദർശനം. ആയതിനാൽ വിദ്യാർത്ഥികളുടെ കരിയറിനോടൊപ്പം ദൈവീക ദർശനത്തോടുകൂടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ അവസരം വിനിയോഗിക്കുക. വിശദ വിവരങ്ങൾക്ക് : +917358323264 - 65




## മിഷൻ കോൺഫ്രൻസ് മെയ് 18 – 24 വരെ

ഡെലിവറൻസ് ചർച്ചിന്റെയും നാഷണൽ പ്രെയർ ടീമിന്റെയും നേതൃത്വത്തിൽ മെയ് 18 മുതൽ 24 വരെ കഞ്ഞിക്കുഴി ഡെലിവറൻസ് ചർച്ചിൽ വെച്ച് മിഷൻ കോൺഫ്രൻസ് നടക്കും. ഡോ. ജോൺ തോമസ്, ഡോ. എബി പി മാത്യു, ക്യാപ്റ്റൻ രാജേഷ് ഡാനിയേൽ, പാസ്റ്റർമാരായ ഷാജൻ ജോർജ്ജ്, റോയി മാത്യു, സാജു ജോൺ മാത്യു, ഹെബിക് സൈമൺ കൊച്ചിൻ, ലിബിഷ് എബ്രഹാം, ബിജി അഞ്ചൽ എന്നിവർ പ്രസംഗിക്കും. വടക്കൻ സംസ്ഥാനങ്ങളിലുള്ള മിഷൻ പ്രതിനിധികൾ പങ്കെടുക്കും.

## സിപിഎഫിന് ന് പുതിയ നേതൃത്വം

മുപ്പത് വർഷമായി എറണാകുളത്ത് പ്രവർത്തിക്കുന്ന കൊച്ചിൻ പെന്തക്കോസ്തൽ ഫെലോഷിപ്പിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ റ്റി റ്റി ജേക്കബ് (പ്രസിഡന്റ്) പാസ്റ്റർ ജോൺ മാത്യു , പാസ്റ്റർ പി ബി മാത്യു , പാസ്റ്റർ ഫിലിപ്പ് എബ്രഹാം (വൈസ് പ്രസിഡന്റ്) പാസ്റ്റർ ലൈജു ചെറിയാൻ (സെക്രട്ടറി) പാസ്റ്റർ ഹരിഹരൻ (ജോ. സെക്രട്ടറി) ടി ജി ദാനിയേൽ (ട്രഷറർ) പാസ്റ്റർമാരായ ബിനു എൻ ബേബി, എബ്രഹാം മാത്യു, ബാബു സി ജെ, സി ഈശോ, റ്റി എൽ ഷാജി, പി സി ജോസഫ്, ബെന്നി തോമസ്, യോഹന്നാൻ ശമുവേൽ (കമ്മറ്റി അംഗങ്ങൾ) എന്നിവരാണ്.

## ഞായറാഴ്ച ദൈവത്തെ ആരാധിക്കുവാൻ മാത്രമുള്ള ദിവസമാക്കി മാറ്റണം : യു എസ് ഡെട്രോയിറ്റ് മെത്രോപ്പോലിത്ത



ക്രൈസ്തവ വിശ്വാസികൾ ഞായറാഴ്ച ദിനത്തിൽ കായിക പരിശീലനങ്ങളും മത്സരങ്ങളും പാടില്ലെന്ന് യു എസിലെ ഡെട്രോയിറ്റ് മെത്രാപ്പോലീത്ത അല്ലെൻ എച്ച് വിനെറോൺ. ഡെട്രോയിറ്റ് അതിരൂപതയിലെ കത്തോലിക്ക വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇനി മുതൽ എല്ലാ ഞായറാഴ്ചകളും വിശ്രമ ദിനങ്ങളാണ്. ഇനി മുതൽ കർത്താവിന്റെ ദിവസമായ ഞായറാഴ്ച കർത്താവിനും കുടുംബത്തിനും കാരുണ്യപ്രവർത്തികൾക്കുമായി മാറ്റി വയ്ക്കണം. അതിരൂപതയുടെ കീഴിലുള്ള ഹൈസ്കൂളുകളിലും, പ്രൈമറി സ്കൂളുകളിലും യാതൊരു വിധ കായിക പരിപാടികളോ, പരിശീലനങ്ങളോ നടത്തുവാൻ പാടില്ലെന്നും അതിരൂപതാ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ച പുതിയ അജപാലക പ്രസ്താവനയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.
ആദിമ സഭയിൽ ഞായറാഴ്ചകൾക്ക് പ്രത്യേക പ്രാധാന്യമുണ്ടായിരുന്നെന്നും, ക്രമേണ ഞായറാഴ്ചകളുടെ പ്രാധാന്യം നഷ്ടപ്പെട്ടുവെന്നും മെത്രാപ്പോലിത്ത ചൂണ്ടിക്കാണിക്കുന്നു. ഞായറാഴ്ച എന്നത് ആഴ്ചയിലെ മറ്റ് ദിവസങ്ങളെപ്പോലെയല്ലെന്നും ഓരോ ഞായറും ഒരു ചെറിയ പുരുത്ഥാന ഞായർ ആണെന്നും അതിനാൽ ഞായറാഴ്ചകളിൽ വിശ്വാസികൾ വിശുദ്ധ ആരാധനയിൽ സംബന്ധിക്കയും കുടുംബത്തോടൊപ്പം ചിലവഴിക്കയും ജീവകാരുണ്യ പ്രവർത്തികളും മറ്റ് ആത്മീയ കാര്യങ്ങളും ചെയ്യുകയുമാണ് വേണ്ടത്. ഞായറാഴ്ചകളിൽ വിശുദ്ധ ആരാധനയിൽ പങ്കെടുക്കണമെന്ന് അനുശാസിക്കുന്ന കാനോൻ നിയമങ്ങളും സഭാ പ്രബോധനങ്ങളും അദ്ദേഹം തന്റെ പ്രസ്താവനയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.
ലൗകീക കാര്യങ്ങൾ മാറ്റിവെച്ച് നമ്മുടെ കണ്ണുകൾ യേശുവിലേയ്ക്ക് മാത്രം കേന്ദ്രീകരിക്കുക. ഈ കച്ചവട സംസ്ക്കാരം ഒരു ക്രൈസ്തവ വിശ്വാസിക്ക് ചേർന്നതല്ല, ഞായറാഴ്ചകളിലെ ലൗകീക വ്യാപാരങ്ങൾ ഉപേക്ഷിക്കണം. പരിശുദ്ധാത്മാവ് യേശുവിന്റെ ശിഷ്യന്മാരിൽ ശക്തി ചൊരിഞ്ഞ ദിവസമാണ് ഞായർ. അതിനാൽ വിശ്വാസത്തിൽ വളരുവാൻ ഏറ്റവും അനുയോജ്യമായ ദിവസവും ഞായർ തന്നേ. അദ്ദേഹം തന്റെ പ്രസ്താവനയിൽ പറയുന്നു. കർത്താവിന്റെ ദിവസത്തെ ആദരിക്കുവാൻ ഇതിലും നല്ല മാർഗ്ഗമില്ല. ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും ഞായറാഴ്ചയുടെ പ്രാധാന്യത്തെ വിസ്മരിച്ചുകൊണ്ട് അന്നേദിവസം കൂടുതൽ ധന സമ്പാദനത്തിനും, ലൗകീക കാര്യങ്ങൾക്കും , മദ്യപാനം പോലുള്ള തെറ്റായ പ്രവർത്തികൾക്കുമായി മാറ്റി വയ്ക്കുന്ന പ്രവണത ക്രിസ്ത്യാനികൾക്കിടയിൽ വർദ്ധിച്ചു വരുന്നുണ്ട്. ചിലപ്പോഴൊക്കെ ക്രൈസ്തവ സ്ഥാപനങ്ങൾപോലും ഇത്തരം പ്രവർത്തികൾക്കുള്ള വേദിയായി മാറാറുണ്ട്. ഈ സാഹചര്യത്തിൽ ആർച്ച് ബിഷപ്പ് അല്ലെൻ വിനെറോണെപ്പോലെ ധീരമായ തീരുമാനങ്ങളെടുക്കുന്ന സഭാ നേതാക്കൾ ഇന്ന് ക്രൈസ്തവ സഭകൾക്ക് ആവശ്യമാണ്.

# ഇതു സ്വർഗത്തിന്റെ വാതിൽ തന്നെ.




പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

*അവൻ ഭയപ്പെട്ടു; ഈ സ്ഥലം എത്ര ഭയങ്കരം! ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല; ഇത് സ്വർഗത്തിന്റെ വാതിൽ തന്നെ എന്നു പറഞ്ഞു.(ഉല്പത്തി 28:17)*



തലയ്ക്കു മുകളിൽ സൂര്യൻ അസ്തമിച്ച് ചുറ്റും ഇരുട്ട് പരന്നപ്പോൾ വീട് വിട്ടിറങ്ങിയ യാക്കോബ് കല്ല് തലയിണയായി വച്ചു കിടന്നുറങ്ങി. പിതാവിൽ നിന്ന് ലഭിച്ച അനുഗ്രഹം തലയിൽ ഉണ്ട്. തട്ടിപ്പറിച്ച ജേഷ്ഠാവകാശത്തിന്റെ തലയെടുപ്പ് ഒക്കെ സ്വന്തമാണ്. പക്ഷെ ഒരു ഭവനരഹിതനായി, ഏശാവിന്റെ വധഭീഷണിയും പേറി ക്ഷീണിച്ചവശനായി ഉറങ്ങുന്ന യാക്കോബിന്റെ അകക്കണ്ണുകൾ തുറന്നു ഒരു സ്വപ്നം കണ്ടു. സ്വർഗത്തോളം എത്തുന്ന കോവേണി ദൂതന്മാർ കയറിയിറങ്ങുന്നു. ഉയരത്തിൽ യഹോവയിൽ നിന്ന് അനുഗ്രഹം ചൊരിയുന്നു. ഉറക്കം ഉണർന്ന യാക്കോബ് പറയുകയാണ് ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല. ഇതു സ്വർഗത്തിന്റെ വാതിൽ തന്നെ. കിടന്നപ്പോൾ വെറും ഒരു തരിശു നിലം, തലയിണയായി കൂർത്തുമൂർത്ത കല്ല്, ഏകാന്തത - എന്നാൽ ഹൃദയദൃഷ്ടി പ്രകാശിച്ചപ്പോൾ തരിശുനിലം ദൈവത്തിന്റെ ആലയമായി മാറി, സ്വർഗത്തിന്റെ വാതിലായി തീരുന്നു. സ്നേഹിതാ കഷ്ടതയുടെ നടുവിലാണോ നീ കിടക്കുന്നത്. ചിന്താഭാരത്തിന്റെ കല്ലുകളാണോ നിന്റെ തലയിണ. തിന്റെ അകക്കണ്ണുകൾ തുറക്കുക. അത് ദൈവീക സാന്നിദ്ധ്യം നിനക്ക് ഉറപ്പാക്കിത്തരും. നിന്റെ ചുറ്റും സംരക്ഷണയുടെ ദൂതസഞ്ചയങ്ങളെ നീ കാണും. സ്വർഗത്തിന്റെ വാതിലാണ് നിന്റെ ഏകാന്തതയും, ശൂന്യതയും ഒക്കെ. സഹായം വരുന്ന പർവ്വതത്തിന്റെ ചുവട്ടിലാണ് ഇന്ന് നീ പകച്ചു നിൽക്കുന്നത്. ഉയരത്തിലേക്ക് നോക്കുക. നിന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവയിൽ നിന്ന് വരുന്നു. അവിടുന്നാണ് നിന്റെ അടുക്കൽ നിൽക്കുന്നത്. സ്വർഗീയ അനുഗ്രഹത്തിന്റെ വാതിൽ നിന്റെ വീട്ടിലുണ്ട് സഭയിലുണ്ട്. അത് മനസിലാക്കി തീരുമാനം എടുക്കുക.

പ്രാർത്ഥന: യേശുവേ എന്റെ ചുറ്റുപാടുകളിൽ സ്വർഗത്തിന്റെ വാതിൽ ഗ്രഹിക്കുവാൻ എന്നെ സഹായിക്കേണമേ......ആമേൻ.

# ക്രിസ്ത്യൻ ദമ്പതികളെ കൊന്ന കേസിൽ 3 പേരുടെ വധശിക്ഷ ശരിവെച്ചു



ലാഹോറിൽ മതനിന്ദ കുറ്റം ആരോപിച്ച് 2014 ൽ ക്രിസ്ത്യൻ ദമ്പതികളെ ജീവനോടെ ചുട്ടുകൊല്ലാൻ ആളുകളെ പ്രേരിപ്പിച്ച 3 പേർക്കുള്ള വധശിക്ഷ ഭീകരവിരുദ്ധ കോടതി ശരിവച്ചു. പുരോഹിതനടക്കം 2 പേരെ വിട്ടയയ്ക്കുകയും ചെയ്തു. യൂസഫ് ഗുജ്ജർ എന്നയാളുടെ ഇഷ്ടിക ചൂളയിൽ ജോലി ചെയ്തിരുന്ന ഷഹ്സർ മസിഹയേയും ഗർഭിണിയായ ഭാര്യ ഷാമയേയും യൂസഫിന്റെ നേതൃത്വത്തിൽ ആയിരത്തോളം പേർ ചേർന്ന് മർദ്ദിക്കയും വലിച്ചിഴച്ച് ചൂളയിൽ കൊണ്ടിട്ട് കൊലപ്പെടുത്തുകയും ചെയ്തു. മതപുരോഹിതനായ ഹാഫീസ് ഇഷ്തിയാഖ് അടക്കം 5 പേർക്കാണ് നേരത്തെ വധശിക്ഷ വിധിച്ചിരുന്നത്.

## ലോകജാലകം

# ജോബിൻ മാത്യുവിന് ബ്രിട്ടീഷ് കൊട്ടാരത്തിലേയ്ക്ക് ക്ഷണം ലഭിച്ചു.



ബ്രിട്ടീഷ് ബക്കിങ്ഹാം കൊട്ടാരത്തിൽ മെയ് 21, 23 തിയതികളിൽ നടക്കുന്ന പ്രത്യേക ഗാർഡൻ ടീ പാർട്ടിയിൽ പങ്കെടുക്കുവാനായി ലിവർപൂൾ പ്രവാസി മലയാളിയും ഷെഫുമായ റാന്നി സ്വദേശി ജോബിൻ മാത്യുവിന് കൊട്ടാരവിഭാഗത്തിന്റെ പ്രത്യേക ക്ഷണം ലഭിച്ചു. 2018 മെയ് 19 ന് വിൻസർ കാസിൽ വെച്ച് നടന്ന ഹാരി- മേഗൻ രാജകീയവിവാഹത്തിൽ ജോബിനെ ഷെഫുമാരിൽ ഒരാളായി തിരഞ്ഞെടുത്തിരുന്നു. 2000 ത്തിലധികം അപേക്ഷകരിൽ 12 മത്തെ പേരുകാരനായിട്ട് ആണ് ജോബിനെ സെലക്ട് ചെയ്തത്. കഴിഞ്ഞ ദിവസം നടന്ന ഫുട്ബോൾ മാമാങ്കത്തിൽ ലിവർപൂളിനു വേണ്ടി ഗോളുകൾ നേടിയ ഡിവോക് ഒറിഗിയുടെ പേഴ്സണൽ ഷെഫുമാരിൽ പ്രധാനിയായിരുന്നു ജോബിൻ മാത്യു. യുകെയിൽ വിവിധ മലയാളി അസോസിയേഷൻ വാർഷിക കൺവൻഷനുകളിലെ കേറ്ററിംഗ് സർവീസുകൾക്കും ഇദ്ദേഹം നേതൃത്വം നൽകി വരുന്നു.

ഇംഗ്ലണ്ടിലെ സി എച്ച് ആൻഡ് കോ എന്ന പ്രശസ്തമായ കേറ്ററിംഗ് വിഭാഗത്തിന്റെ സ്കൂൾ, കോളേജ് ഇവന്റ് മാനേജർമാരിൽ ഒരാളാണ് ജോബിൻ മാത്യു. മുംബെയിൽ നിന്നും കേറ്ററിംഗ് ബിരുദം നേടിയശേഷം ഹോട്ടൽ ലീലയിലും, കോമ്പസ് ഗ്രൂപ്പ്,സൗത്ത് ഈസ്റ്റ് ഏഷ്യയിലെ തായ്‌ലൻഡ്, സിംഗപ്പൂർ, മലേഷ്യ, വിയറ്റ്നാം ഓഫ്ഷോർ മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്

റാന്നി കുറ്റിയിൽ പാസ്റ്റർ മാത്യു ജേക്കബിന്റെ മകനാണ് ജോബിൻ. ഭാര്യ : ഷേർലി ജോബിൻ, മക്ക്ൾ രൂബേൻ,ജിയാന. അഞ്ചാനി ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ് ജോബിൻ..

# പാക്കിസ്ഥാനിൽ വ്യാജ മതനിന്ദ കുറ്റത്തിന് ഇരകളായി വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ക്രൈസ്തവ ദമ്പതികളും.

theendtimenews.com
Available on the iPhone App Store
ANDROID APP ON Google play



വ്യാജ മതനിന്ദ കുറ്റം ചുമത്തി വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് പാക്കിസ്ഥാൻ തടവിൽ കഴിയുന്ന ഷഗുഫ്ത കൗസർ ഭർത്താവ് ഷഫ്ഖത്ത് മസീഹ് ഇസ്ലാമിനെതിരായി സന്ദേശങ്ങൾ മൊബൈലിൽ നിന്നു മെസേജ് ആയി അയച്ചുവെന്നാണ് ഇവരിൽ ആരോപിക്കപ്പെട്ട കുറ്റം.കുട്ടികൾ തമ്മിലുള്ള വഴക്കിന്റെ പേരിൽ മുഹമ്മദ് ഹുസൈൻ ഇവർക്കെതിരായി പരാതി കൊടുക്കയും പിന്നീട് കേസാക്കി മാറ്റുകയുമാണ് ഉണ്ടായത്. കൗസറിന്റെ ഐഡന്റിറ്റി നമ്പർ ഉപയോഗിച്ച് വ്യാജമായി സിം കാർഡ് വാങ്ങി ഒരു അയൽക്കാരനാണ് കേസിനു കാരണമായ സന്ദേശങ്ങൾ അയച്ചതെന്നു പിന്നീട് തെളിയിക്കയുണ്ടായി. 2014 തോബാ തേകസിംഗ് ജില്ലാ കോടതിയിലെ ജഡ്ജി മിയാൻ അമീർ ഹബീബ് ആണ് ഇവർക്ക് വധശിക്ഷ വിധിച്ചത്. പഞ്ചാബിലെ ഗോജ്ര പട്ടണക്കാരാണിവർ.ആസിയ ബീബിയെ പാർപ്പിച്ച മുൾട്ടാനിലെ ജയിലിലാണ് കൗസർ. 240 കിലോമീറ്റർ അകലെ ഫൈസലാബാദിലെ ജയിലിലാണ് മസീഹ്. അരയ്ക്ക് കീഴെ തളർന്നയാളാണ് മസീഹ്. ഇവർക്ക് 9 മുതൽ 15 വയസ്സു വരെയുള്ള നാലു കുട്ടികളുണ്ട്. കുട്ടികൾ ഭർതൃസഹോദരിയുടെ സംരക്ഷണയിലാണ്. ഈ ദമ്പതികളുടെ മോചനത്തിനായി പ്രാർത്ഥനയോടെ നിയമപോരാട്ടം തുടരുകയാണ് ബ്രിട്ടീഷ് പാക്കിസ്ഥാനി ക്രിസ്ത്യൻ അസോസിയേഷൻ.

## യാഗങ്ങൾ, ഉത്സവങ്ങൾ – ഒരു ധ്യാനാത്മക പഠനം.

# യാഗസമാനമായ സമർപ്പണം



ഒരു തുടർപഠനം....3

# യാഗവ്യവസ്ഥകൾ



**സാം സഖറിയ**
**കൊട്ടാരക്കര**

യാഗമൃഗങ്ങളും പക്ഷികളും യേശുക്രിസ്തുവിനു സാദൃശ്യം വഹിക്കുന്നു എന്നു നാം കണ്ടുകഴിഞ്ഞു. യാഗവ്യവസ്ഥകളും വളരെ പ്രാധാന്യമുള്ളവയാണ്. നമുക്കു ബോധിച്ചതുപോലെ യാഗം കഴിക്കാൻ സാദ്ധ്യമല്ല. വ്യവസ്ഥകൾ പാലിച്ചുള്ള യാഗങ്ങളിലാണ് ദൈവം പ്രസാദിക്കുന്നത്. ഇന്നു മനുഷ്യരുടെ ആരാധന സമ്പ്രദായങ്ങളിൽ ദൈവവചന വ്യവസ്ഥകളെക്കാൾ മാനുഷികമായ ഉപദേശങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. മന:പാഠമാക്കിയ മാനുഷകൽപ്പനകൾ ഉരുവിടുന്നതുകൊണ്ട് അവർ ദൈവത്തെ അധരംകൊണ്ടു ബഹുമാനിക്കുന്നവരും കപടഭക്തരുമാണ് എന്ന് വചനം പറയുന്നു.(യെശ29:13, മത്തായി 15:8)

**അർപ്പകൻ സ്വമേധയാ അർപ്പിക്കണം.**

പരപ്രേരണയാലോ നിർബന്ധത്താലോ യാഗം അർപ്പിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. ക്രിസ്തു നമുക്കു വേണ്ടി മനസ്സോടെ മരക്കുരിശു ചുമന്നു...ഇതാ ഞാൻ വരുന്നു, പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു.(സങ്കീ40:7) എന്നു പറഞ്ഞുകൊണ്ടാണ് കർത്താവ് കാൽവറി യാഗത്തിനായി ഒരുങ്ങുന്നത്. സഹോദര ക്ഷേമം അന്വേഷിക്കാൻ യാക്കോബ് യോസേഫിനെ അയയ്ക്കുമ്പോൾ ഞാൻ പോകാം എന്നു പറഞ്ഞ് ഏകനായി യാത്ര തിരിച്ചത് പിതാവിനോടുള്ള അനുസരണവും, സഹോദരസ്നേഹവും നിമിത്തമായിരുന്നു. നമ്മോടുള്ള ദൈവസ്നേഹമാണ് കാൽവറി ക്രൂശിൽ പ്രദർശിപ്പിക്കപ്പെട്ടത്. ദൈവസ്നേഹം ഹൃദയത്തിൽ പ്രചോദനം നൽകുമ്പോൾ മാത്രമെ നമുക്കു ദൈവത്തിന് ആരാധന അർപ്പിക്കുവാൻ കഴിയുകയുള്ളൂ. യാഗമൃഗം ആണായിരിക്കണം.

ബലം ദൈവത്തിനുള്ളത് എന്നു വചനം പറയുന്നു. മലാഖിയുടെ കാലത്ത് ഈ വ്യവസ്ഥ ലംഘിക്കപ്പെട്ടു. ബലഹീനമായതിനെയും രോഗമുള്ളതിനെയും തള്ളയെയുമൊക്കെ യാഗം കഴിച്ചു. അത് ദൈവത്തിന് അനിഷ്ടമായി. ദൈവത്തിന് നൽകുന്നത് എപ്പോഴും ശ്രേഷ്ഠമായതായിരിക്കണം. ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ. ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്.(സങ്കീ84:5) ദൈവം ബലവാനാകയാൽ ദൈവത്തെ സേവിക്കുന്നവർ ബലം ദൈവത്തിൽ അർപ്പിച്ചവരും വിശ്വാസത്തിൽ അർപ്പിച്ചവരും വിശ്വാസത്തിൽ ആരോഗ്യമുള്ളവരായിരിക്കണം. തള്ളയെയും ദീനം പിടിച്ചതിനെയും ബലഹീനമായതി

തുടർച്ച 11പേജിൽ

തുടർച്ച 10പേജിൽ

നെയും യാഗമർപ്പിക്കുന്നവർ ശപിക്കപ്പെട്ടവരാണ്. ദൈവത്തിന് അവന്റെ നാമത്തിനു തക്ക മഹത്വം കൊടുക്കേണ്ടതാണ്.

**യാഗമൃഗം ഊനമില്ലാത്തതായിരിക്കണം.**

പ്രഥമ പരിശോധനയിൽ എല്ലാ കുറവുകളും കണ്ടെത്താൻ കഴിയില്ലെങ്കിലും സൂക്ഷ്മ പരിശോധനയ്ക്ക്ശേഷം കുറവില്ലാത്ത മൃഗത്തെ മാത്രമേ യാഗമായി അർപ്പിക്കാവൂ. യാഗമായി അർപ്പിക്കപ്പെടുന്നതിന് മുമ്പ് ക്രിസ്തുവിൽ യാതൊരു ഊനവുമില്ല എന്ന് തെളിയിക്കപ്പെട്ടു. സ്വർഗ്ഗവും ഭൂമിയും പാതാളവും ഒരുപോലെ പരിശോധിച്ചിട്ടും പാപരഹിതാവസ്ഥയിൽ പ്രോജ്ജലിച്ചു നിൽക്കുന്ന വ്യക്തിപ്രഭാവമാണ് യേശുക്രിസ്തുവിന്റേത്. പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നുണ്ടായ ശബ്ദം...ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിപ്പിച്ചിരിക്കുന്നു...എന്നാണ്(മത്തായി3:17) ഭൂമിയിൽ യേശുക്രിസ്തുവിന്റെ നിഷ്പാപാവസ്ഥയെ പ്രകീർത്തിച്ചിട്ടുള്ളവർ നിരവധിയാണ്. അപ്പോസ്തലിക സാക്ഷ്യം അതിൽ പ്രധാനമാണ്. യേശുക്രിസ്തുവിന്റെ മാർവ്വോടു ചേർന്നിരുന്ന യോഹന്നാന്റെ സാക്ഷ്യം അവനിൽ പാപം ഇല്ല എന്നത്രേ. അതുപോലെ പത്രോസും പൗലോസും പറഞ്ഞു. അവൻ പാപം ചെയ്തിട്ടില്ല. അവൻ പാപം അറിഞ്ഞിട്ടില്ല.(1യോഹ3:5, 1പത്രോ2:22, 2കൊരി5:21).

ക്രൂശിക്കപ്പെടുന്നതിന് മുൻപായി നമ്മുടെ കർത്താവിനെ വിസ്തരിച്ചതായി സുവിശേഷങ്ങളിൽ വായിക്കുന്നു. യെഹൂദാ മതകോടിയായ സന്നിദ്രിസംഘത്തിൽ വിസ്തരിക്കപ്പെട്ടെങ്കിലും മരണകരമായ യാതൊരു കുറ്റവും ക്രിസ്തുവിൽ കണ്ടില്ല. പിന്നീട് ഹന്നാവിന്റെ മുമ്പിലും കയ്യഫാവിന്റെ മുമ്പിലും വിസ്തരിക്കപ്പെട്ടു. പീലാത്തോസും ഹെരോദാവും വിസ്തരിച്ചു. മൂന്നുപ്രാവശ്യം പീലാത്തോസ് ആവർത്തിച്ചു പറഞ്ഞു. ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല( യോഹ18:38, 19:4,6). കുറ്റമില്ലാത്ത വ്യക്തിയെ ശിക്ഷയ്ക്ക് വിധിക്കുന്നതു നീതിയ്ക്കു നിരക്കുന്നതല്ല. യേശുവിന്റെ കാര്യത്തിൽ ഇതികർത്തവ്യമൂഢനായിത്തീർന്ന പീലാത്തോസ് ജനത്തിന്റെ നിർബന്ധത്തിന് വഴങ്ങി ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുത്തു. പാപമില്ലാത്തവൻ എന്നു പരസ്യമായി പ്രഖ്യാപിക്കപ്പെട്ടതിന് ശേഷം യേശുക്രൂശിക്കപ്പെടേണ്ടത് ആവശ്യമായിരുന്നു. പാപികൾക്ക് പകരം പാപമാക്കപ്പെതിനാൽ ക്രിസ്തുവിന്റെ മരണം നമ്മുടെ നീതികരണത്തിനു ഹേതുവായിത്തീർന്നു.

യേശുവിനെ ക്രൂശിക്കുന്നതിനു മുമ്പായി വിസ്തരിച്ച മത,രാഷ്ട്രീയ കോടതികളിൽ യേശു പാപരഹിതനെന്നു പ്രഖ്യാപിക്കപ്പെട്ടു. ഒടുവിലായി റോമൻ ഗവർണ്ണറായ പീലാത്തോസിന്റെ അരമനയിൽ നിന്നും യേശുവിനെ പുറത്തുകൊണ്ടുവരുന്നു. ക്രൂശീകരണത്തിന് നേതൃത്വം കൊടുത്ത ശതാധിപൻ ഈ മനുഷ്യൻ വാസ്തവമായിനീതിമാൻ ആയിരുന്നു. എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. എന്തിനധികം! പിശാചുബാധിതനായ മനുഷ്യൻ പോലും നീ ആർ എന്നു ഞാൻ അറിയുന്നു ദൈവത്തിന്റെ പരിശുദ്ധൻ തന്നെ എന്നു പറഞ്ഞു. അംഗപ്രത്യംഗമായ പരിശോധനയിൽ ശുക്ലസ്വർണ്ണസമാനം വിളങ്ങുന്ന യേശു കർത്താവ് ഊനമില്ലാത്ത കുഞ്ഞാട് എന്ന പേരിനു സർവ്വദാ യോഗ്യൻ തന്നെ.

**ചെലവുള്ള യാഗമാണ് ദൈവത്തിനർപ്പിക്കേണ്ടത്.**

ദാവീദ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. ചെലവു കൂടാതെ ഞാൻ ഹോമയാഗം കഴിക്കയില്ല. ദൈവഹിതത്തിനു വിരോധമായി യിസ്രായേലിനെ എണ്ണിയതിനാൽ ഉണ്ടായ ദൈവകോപത്തിൽ നിന്നും രക്ഷ നേടുവാൻ ഓർന്നാന് അറുനൂറു ശേക്കൽ പൊന്നു കൊടുത്തു വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് യാഗപീഠം പണിതു ദൈവത്തിനു മഹത്വം കൊടുത്തു(1ദിന21:24) യാഗത്തിനായി വേർതിരിക്കുന്ന മൃഗങ്ങൾ കാളയായാലും ആടായാലും അതു വീട്ടിൽ വളർത്തുന്നവയാകയാൽ വികടസ്വഭാവമോ, മുരട്ടുശീലമോ ഇല്ലാത്തവയും അതേ സമയം ചിലവുള്ളതുമാണ്. ദൈവത്തിനർപ്പിക്കുന്നത് ഹൃദയത്തിൽ തൊട്ടുള്ളതായിരിക്കണം എന്നു സാരം.
ഇത് യഹോവയ്ക്ക് സൗരഭ്യവാസനയായ യാഗമാണ്.

യാഗം അർപ്പിക്കുന്ന വ്യക്തിയുടെ മനോഭാവം ഇവിടെ വളരെ പ്രാധാന്യമുള്ളതാണ്. എല്ലാ വ്യവസ്ഥകളും പാലിച്ചാലും മനോഭാവം ശരിയല്ലെങ്കിൽ അത് ദൈവത്തിന് സുഗ്രാഹ്യമാകയില്ല. ക്രിസ്തു നമുക്കുവേണ്ടി തന്നെത്താൻ വഴിപാടും യാഗവുമായി അർപ്പിക്കപ്പെട്ടു.നാം നമ്മെത്തന്നെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി അർപ്പിക്കുവാൻ കടപ്പെട്ടവരാണ്.(റോമർ12;1,2).

വാർത്ത.. 01പേജ് തുടർച്ച

യിച്ചു.
ദൈവത്തിന്റെ അത്യന്തശക്തി നമ്മുടെ മൺകൂടാരങ്ങളിൽ(2കൊരി4:7) എന്നതാണ് കോൺഫ്രൻസ് ചിന്താവിഷയം. എടുക്കുന്നവർക്ക് കൺവൻഷൻ സെന്ററിന് ഏറ്റവും അടുത്തുള്ള ഹോട്ടൽ റൂമുകൾ നൽകുന്നതായിരിക്കും. വിഭവസമൃദ്ധമായ നിലയിലുള്ള അമേരികക്ൻ ഭക്ഷണത്തോടൊപ്പം സ്വാദിഷ്ടമായ രുചുകളിൽ തയ്യാറാക്കപ്പെടുന്ന ഇന്ത്യൻ വിഭവങ്ങളും ഭക്ഷണ ക്രമീകരണത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു. കോൺഫ്രൻസിനോടനുബന്ധിച്ച് നടത്തപ്പെടാറുള്ള സോക്കർ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ കായിക മത്സരത്തിൽ രജിസ്റ്റർ ചെയ്യുവാൻ താത്പര്യമുള്ള ടീമുകൾ 250ഡോളർ ഫീസ് നൽകി എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന്സ്പോർട്സ് കോർഡിനേറ്റർ അറിയിച്ചു.

പാസ്റ്റർ കെ.സി.ജോൺ(നാഷണൽ കൺവീനർ), വിജു തോമസ് ഡാളസ്(നാഷണൽ സെക്രട്ടറി), ബിജു ജോർജ്ജ് കാനഡ( നാഷണൽ ട്രഷറർ), ഇവാ. ഫ്രാങ്ക്ളിൻ ഏബ്രഹാം ഒർലാന്റോ(നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ അനു ചാക്കോ( ലേഡീസ് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണ സമിതിയാണ് 2019 ലെ മയാമി കോൺഫ്രൻസിന് നേതൃത്വം നൽകുന്നത്.

വാർത്ത.. 01പേജ് തുടർച്ച

പ്രധാനമായും ഉണ്ടാകുന്നത് വിദേശ ടെലികോം ഉപകരണങ്ങളിൽ നിന്നാണ് എന്നാണ് വിലയിരുത്തൽ. പ്രധാനമായും ചൈനീസ് ഉപകരണങ്ങളെയാണ് നിരോധനത്തിലൂടെ ട്രമ്പ് ലക്ഷ്യം വയ്ക്കുന്നത്. അതേസമയം ചൈനീസ് ടെലികോം ഉപകരണങ്ങൾ നിരോധിക്കുകവഴി അമേരിക്കൻ ഉപഭോക്താക്കളെയും കമ്പനികളെയുമാണ് ട്രമ്പ് കഷ്ടത്തിലാക്കുന്നതെന്ന് പ്രധാന ചൈനീസ് ടെലികോം ഉപകരണ ഉത്പാദകരായ ഹുവാവെ പ്രതികരിച്ചു.

http://theendtimenews.com/

THE ENDTIME NEWS



THE ENDTIME NEWS

എൻടെം ന്യൂസ്

Available on the iPhone App Store

ANDROID APP ON Google play

**the END TIME NEWS**
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

**Reg no : TVM/TC/1717/2014**
**Established :USA**
**Published from : India, Kerala, TVM**


## ഗർഭച്ഛിദ്രം പ്രത്യേക സാഹചര്യങ്ങളിലല്ലാതെ ചെയ്യാൻ പാടില്ലെന്ന് ട്രമ്പ്.

ന്യൂയോർക്ക്: വിവാദമായ അബോർഷൻ നിരോധന നിയമം കൂടുതൽ റിപ്പബ്ലിക്കൻ ഭരണ സംസ്ഥാനങ്ങൾ നടപ്പാക്കുന്നതിനിടയിൽ യു. എസ് പ്രസിഡന്റ് ട്രമ്പ് ഇതു സംബന്ധിച്ച തന്റെ പ്രതികരണമറിയിച്ചു. പൊതുവെ അബോർഷന് താൻ എതിരാണെന്ന മുൻ നിലപാട് തന്നെയാണ് ട്രമ്പ് ആവർത്തിച്ചത്. ബലാത്കാരം, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ള സ്ത്രീകൾ ഗർഭം ധരിക്കുക എന്നിങ്ങനെ പ്രത്യേക സാഹചര്യത്തിൽ അല്ലാതെ ഒരു തരത്തിലും ഗർഭച്ഛിദ്രം അനുവദിക്കരുതെന്നാണ് തൻരെ നിലപാടെന്ന് ട്രമ്പ് വ്യക്തമാക്കി. കഴിഞ്ഞദിവസം റിപ്പബ്ലിക്കൻ ഭരണത്തിലുള്ള അലബാമ സ്റ്റേറ്റ് ഗർഭച്ഛിദ്രം നിരോധിക്കുന്ന ബില്ലിന് അംഗീകാരം നൽകിയിരുന്നു. ഒരു സാഹചര്യത്തിലും അബോർഷൻ അനുവദിക്കരുത് എന്ന നിർദ്ദേശമാണ് ബില്ലിൽ ഉള്ളത്. ഈ നിയമത്തിനെതിരെ യുഎസിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനകം വലിയ പ്രതിഷേധങ്ങൾ ഉണ്ടായിട്ടുണ്ട്. മനുഷ്യവകാശ പ്രവർത്തകരും ഹോളിവുഡ് നടികളും അടക്കം നിരലധി പേർ നിയമത്തെ ചോദ്യം ചെയ്തത് രംഗത്ത് എത്തി.

## ഇന്ത്യൻ വംശജൻ കാലിഫോർണിയയിൽ വെടിയേറ്റ് മരിച്ചു.





ഡൗണി(കാലിഫോർണിയ): ഇന്ത്യൻ വംശജൻ കാലിഫോർണിയയിൽ വെടിയേറ്റ് മരിച്ചു. മദ്യ വിൽപ്പനശാല ഉടമയായ ഗുർപ്രീത് സിങ്ങ് (44) ആണ് കൊല്ലപ്പെട്ടത്. മെയ് ഏഴിന് രാത്രി ഡൗണി പാരമൗണ്ട് ബിലവഡിലുള്ള കടയിൽ വെച്ചായിരുന്നു സംഭവം. രാത്രി 11 മണിയോടെയാണ് സിങ്ങിന് വെടിയേറ്റത്. സംഭവം നടക്കുമ്പോൾ ജോലിക്കാർ ആരും കടയിൽ ഉണ്ടായിരുന്നില്ല. വെടിയേറ്റ സമയത്ത് കടയിൽ നിന്നും ഒരാൾ പുറത്തേയ്ക്ക് ഓടിപ്പോകുന്ന ദൃശ്യങ്ങൾ സമീപത്തുള്ള സി.സി.ടി.വി ക്യാമറയിൽ നിന്നും ലഭിച്ചു. കവർച്ചാ ശ്രമത്തിനിടെ സിങ്ങിനുനേരെ മോഷ്ടാവ് നിറയൊഴിച്ചതാകാമെന്നാണ് പ്രാഥമിക നിഗമനം. പ്രതിയെ ഇതുവരെ പിടികൂടാനായിട്ടില്ല. സംഭവത്തിന് ദൃക്സാക്ഷികൾ ആരെങ്കിലും ഉണ്ടെങ്കിൽ ഡൗണി പോലീസിനെയോ ക്രൈം സ്റ്റോപ്പേഴ്സിനെയോ 5629042330, 8002228477 ഫോൺ നമ്പറിൽ ബന്ധപ്പെടണമെന്ന് ഡൗണി പോലീസ് ഡിറ്റക്ടീവ് റിച്ചാർഡ് ഗാർസിയ അഭ്യർത്ഥിച്ചു. 2015 ന് ശേഷം അമേരിക്കയിൽ കൊല്ലപ്പെടുന്ന ഇന്ത്യൻ അമേരിക്കൻ സ്റ്റോർ ക്ലാർക്കുമാരിൽ പത്താമത്തെയാളാണ് രണ്ടുകുട്ടികളുടെ പിതാവായ ഗുർപ്രീത് സിംഗ്.







**printed,published and owned by harvestingsoulsmission,chief editor Baiju Yacob**



Share on